പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1631 13.06.2014- ൽ മറുപടിക്ക്

## അനാഥാലയങ്ങളിലേക്ക് നിയമം ലംഘിച്ച് കുട്ടികളെ എത്തിച്ച സംഭവം

ചോദ്യം

ശ്രീമതി കെ.എസ്. സലീഖ

ഉത്തരം

ഡോ. എം.കെ. മുനീർ

( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ എത്ര അനാഥാലയങ്ങൾ പ്രവർത്തിക്കുന്നു ; ജില്ലതിരിച്ച് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് ആകെ 1961 അനാഥാ ലയങ്ങൾ ഉണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ബി) | സംസ്ഥാനത്തെ ചില അനാഥാലയങ്ങളിലേക്ക് അന്യ സംസ്ഥാനങ്ങളിൽ നിന്നും കുട്ടികളെ കൊണ്ടുവന്ന സംഭവം ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിൽ നിന്നും എത്ര കുട്ടികളെ വീതമാണ് കൊണ്ടുവന്നതെന്നും അതിൽ ആൺ/പെൺ കുട്ടികൾ എത്ര വീതമെന്നും വെളിപ്പെടുത്തുമോ; | (ബി) | ഝാർഖണ്ഡ്, ബീഹാർ, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ നിന്നും കുട്ടികളെ കേരളത്തിൽ എത്തിച്ച സംഭവം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇതിൽ ഝാർഖണ്ഡ്, ബീഹാർ എന്നിവിടങ്ങളിൽ നിന്നുള്ള 226 ആൺകുട്ടികളും 230 പെൺകുട്ടികളും ഉൾപ്പെടുന്നു. പശ്ചിമ ബംഗാളിൽ നിന്നും 123 ആൺകുട്ടികളും സംസ്ഥാനത്ത് എത്തിയിട്ടുണ്ട്. |
| (സി) | അന്യ സംസ്ഥാനങ്ങളിൽ നിന്നും കുട്ടികളെ കൊണ്ടുവരുമ്പോൾ പാലിക്കേണ്ട നിയമം ചില അനാഥാലയങ്ങൾ ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഏതൊക്കെ അനാഥാലയങ്ങളാണ് | (സി) യും (ഡി) യും | നിയമപ്രകാരമുള്ള രേഖകൾ ഇല്ലാതെ കുട്ടികളെ കൊണ്ടുവന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച പോലീസ് അന്വേഷണം ഉൾപ്പെടെയുള്ള നടപടികൾ പുരോഗ |

| | | | |
|---|---|---|---|
| | പ്രസ്തുത നിയമം ലംഘിച്ച് കുട്ടികളെ കൊണ്ടുവന്നത്;വിശദാംശം വ്യക്തമാക്കുമോ; | | മിക്കുന്നതേയുള്ളൂ. |
| (ഡി) | അന്യസംസ്ഥാനങ്ങളിൽ നിന്നും നിയമം ലംഘിച്ച് കുട്ടികളെ കൊണ്ടുവന്നതുമായി ബന്ധപ്പെട്ട് എത്ര അനാഥാലയങ്ങളുടെ പേരിൽ നടപടി സ്വീകരിച്ചു; ഏതൊക്കെ അനാഥാലയങ്ങളാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | | |
| (ഇ) | സംസ്ഥാനത്തിനകത്ത് ആയിര ക്കണക്കിന് കുട്ടികൾ വളരെയധികം കഷ്ടപ്പെടുമ്പോൾ സംസ്ഥാനത്തിന് പുറത്തുപോയി യാതൊരുവിധ രേഖ യുമില്ലാതെ കുട്ടികളെ ഇവിടേയ്ക്ക് കൊണ്ടുവന്ന് അനാഥാലയത്തിന്റെ മറവിൽ ലക്ഷങ്ങൾ സമ്പാദിക്കുന്ന അനാഥാലയം നടത്തിപ്പുകാർ ക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ഇ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാഥാലയങ്ങളിൽ പ്രവേശി പ്പിച്ചിട്ടുള്ള അന്യസംസ്ഥാനത്ത് നിന്നുള്ള കുട്ടികളുടെ പരിചരണ ത്തിനായി സംസ്ഥാന സർക്കാർ ഗ്രാന്റ് നൽകുന്നില്ല. ഇതിനുള്ള ചെലവ് ബന്ധപ്പെട്ട സ്ഥാപന ങ്ങളാണ് വഹിക്കേണ്ടത്. എന്നാൽ ഇത്തരം സ്ഥാപനങ്ങൾ ധനസ ഹായം സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

U.S-1631
13/6/2014

അനുബന്ധം

| ക്രമ നം. | ജില്ലയുടെ പേര് | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 166 |
| 2 | കൊല്ലം | 82 |
| 3 | പത്തനംതിട്ട | 82 |
| 4 | ആലപ്പുഴ | 81 |
| 5 | കോട്ടയം | 201 |
| 6 | ഇടുക്കി | 121 |
| 7 | എറണാകുളം | 344 |
| 8 | തൃശ്ശൂർ | 249 |
| 9 | പാലക്കാട് | 133 |
| 10 | മലപ്പുറം | 120 |
| 11 | കോഴിക്കോട് | 106 |
| 12 | വയനാട് | 75 |
| 13 | കണ്ണൂർ | 144 |
| 14 | കാസർഗോഡ് | 57 |
| | **ആകെ** | **1961** |

സെക്ഷൻ ഓഫീസർ